(എഫ്) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ജി) ധവളപത്രം പുറപ്പെടുവിക്കാൻ ഉദ്ദേശമില്ല.

സംസ്ഥാനത്തിന്റെ ആകെ കടബാദ്ധ്യത

22 (354) ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ മൊത്തം കടബാദ്ധ്യത എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഏതൊക്കെ ഇനത്തിലാണ് കടങ്ങൾ ഉണ്ടായിട്ടുള്ളത്;

(സി) പ്രസ്തുത കടങ്ങൾ നിമിത്തം എന്തുതുക പ്രതിവർഷം പലിശ ഇനത്തിൽ സർക്കാർ നൽകുന്നുണ്ട്;

(ഡി) ഏതൊക്കെ വിദേശ ഏജൻസികൾക്ക് സംസ്ഥാന സർക്കാർ എത്രവീതം തുക നൽകാനുണ്ടെന്നും ഏതൊക്കെ സംസ്ഥാന സർക്കാരുകൾക്കും സർക്കാർ ഏജൻസികൾക്കും സർക്കാർ തുക നൽകാനുണ്ടെന്നും അത് എത്ര വീതമാണെന്നും വെളിപ്പെടുത്തുമോ?

(ഇ) സംസ്ഥാനം നിലവിൽ സാമ്പത്തിക പ്രതിസന്ധിയിലാണോ? ആണെങ്കിൽ പ്രതിസന്ധി തരണം ചെയ്യാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) 2000 മാർച്ച് മാസം വരെ കടബാദ്ധ്യത 20,176.06 കോടി രൂപയാണ്.

(ബി) ആഭ്യന്തര കടവും കേന്ദ്ര സർക്കാരിൽ നിന്നുമുള്ള കടവുമാണിത്.

(സി) 1999-2000 വർഷത്തിൽ മാർച്ച് മാസം വരെ 1952.27 കോടി രൂപ പലിശയിനത്തിൽ നൽകി.

(ഡി) അപ്രകാരം തുകനൽകാനില്ല.

(ഇ) സാമ്പത്തിക പ്രതിസന്ധിയില്ല.

നടപ്പു വർഷം ലക്ഷ്യമിട്ട നികുതിപിരിവ്

23 (355) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുവർഷം ലക്ഷ്യമിട്ട നികുതി പിരിവ് 30.11.2000 വരെയുള്ള കാലയളവിൽ എന്ത് പുരോഗതി നേടിയെന്ന് ഓരോ നികുതിയിനം തിരിച്ച് വിശദമാക്കാമോ?

ഉത്തരം

(എ) നടപ്പു സാമ്പത്തിക വർഷം ലക്ഷ്യമിട്ട നികുതി പിരിവിൽ 30.11.2000 വരെ നികുതി വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ താഴെ കൊടുക്കുന്നു. മറ്റ് നികുതി സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

വിൽപ്പന നികുതി	:	2487.85 കോടി
കാർഷികാദായനികുതി	:	1.49 കോടി
രജിസ്ട്രേഷൻ	:	255.35 കോടി

LIBRARY ARCHIVES Kerala Legislative Assembly